പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1672 03-10-2011 -ൽ മറുപടിക്ക്.

പുതിയ എക്സൈസ് നയം

ചോദ്യം

ശ്രീ. എം. ഉമ്മർ

മുൻ ഗവണ്മെന്റിന്റെ എക്സൈസ് നയത്തിൽ നിന്നും വ്യത്യസ്ഥമായി എത്രമാത്രം ജനനന്മ ഉറപ്പു വരുത്തുന്നതാണ് പുതിയ എക്സൈസ് നയം എന്ന് വിശദാംശങ്ങൾ സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

ശ്രീ. കെ. ബാബു
(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും അതിൽ നിന്നുടലെടുക്കുന്ന സാമൂഹ്യ പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് രൂപീകരിച്ചതാണ്, 2011-12 - ലെ പുതിയ മദ്യനയം. മദ്യത്തിന്റെ അമിത വ്യാപനം തടയുന്നതിനായി, പുതിയ മദ്യഷാപ്പുകൾ അനുവദിക്കുന്നതിന് കർശനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ ബാറുകൾ അനുവദിക്കുമ്പോൾ അവ തമ്മിൽ ദൂരപരിധി നിശ്ചയിച്ചിട്ടുണ്ട്. മദ്യം വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള പ്രായപരിധി 18 വയസ്സിൽ നിന്നും 21 ആയി ഉയർത്തി. ബാറുകളുടെ പ്രവർത്തന സമയത്തിൽ 3 മണിക്കൂർ കുറവ് വരുത്തി. മദ്യ വിപത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തി. ഒരു വ്യക്തിക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 15 ലിറ്ററായി കുറച്ചു. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ, ജില്ലാ ആശുപത്രികളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കും. സിനിമകളിൽ മദ്യപാന രംഗങ്ങൾ പ്രദർശിപ്പിക്കുമ്പോൾ 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന സ്റ്റാറ്റ്യൂട്ടറി വാണിങ്ങ് പ്രദർശിപ്പിക്കും. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ